# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.7** **26.09.2011 ൽ മറുപടിയ്ക്ക്**

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം<br><br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ നികുതികളുടെ പിരിവ് സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ്. കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വില്പനകണ്ണിയിൽ ഈടാക്കുന്ന വിലനിലവാരം സംബന്ധിച്ചുള്ള ഒരു വിവരശേഖരം ഉണ്ടാക്കുന്നതിനായി ഒരു 'വില നിരീക്ഷണ സമിതി' ഉണ്ടാക്കുവാനും നികുതിദായകരുടെയും കർഷക വ്യവസായ സമൂഹത്തിന്റെയും പരാതികൾ പരിഹരിക്കുന്നതിന് ധനകാര്യ മന്ത്രിക്ക് ഒരു വെബ് സൈറ്റും, കോൾസെന്ററും സ്ഥാപിക്കുവാനും നടപടികൾ നടന്നു വരുന്നു. കമ്പ്യൂട്ടർ മുഖേനയുള്ള റിട്ടേൺ സ്ക്രൂട്ടിനി അല്ലാതെ ഫലപ്രദമായ പരിശോധന നടത്തുന്നതിലേക്കായി സ്ക്രൂട്ടിനിക്ക് നികുതി നിർണ്ണയാധികാരിയുടെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കുകയും ഓവർചെക്ക് സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്. ടി യിൽ സേവനമേഖല കൂടി ഉൾപ്പെടുന്ന സാഹചര്യം പരിഗണിച്ച് വാണിജ്യനികുതി വകുപ്പിനെ ശക്തിപ്പെടുത്തുന്നതാണ്. സെൽഫ് അസ്സസ്മെന്റ് സമ്പ്രദായത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് നിയമാനുസൃതം പ്രവർത്തിക്കുന്ന വ്യാപാരി |

....2

| | | | |
|---|---|---|---|
| | | | കളുടെ സത്യസന്ധതയെ ബഹുമാനിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി നികുതി വകുപ്പ് വ്യാപാരി കൾക്ക് വിശ്വസ്തതാരം (Star of Trust) സർട്ടിഫി ക്കേഷൻ നല്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. മൂല്യവർദ്ധിത നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാതെ ഗണ്യമായ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളെ നികുതിദായകരിൽ ഉൾപ്പെടുത്താൻ രജിസ്ട്രേഷൻ യജ്ഞം നടത്തുകയും എല്ലാ രജിസ്റ്റേർഡ് വ്യാപാരികളും അവരുടെ രജിസ്ട്രേഷൻ നമ്പറും കച്ചവടസ്ഥാപനത്തിന്റെ രജിസ്റ്റേർഡ് പേരും എല്ലാവർക്കും കാണാവുന്ന രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിന് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരെക്കൊണ്ട് Street Survey നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | നികുതി പിരിവ് കാര്യക്ഷമമാക്കു ന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശി ക്കുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | ചരക്കുകൾ ചെക്ക്പോസ്റ്റിലേക്ക് എത്തുന്നതിനു മുമ്പു തന്നെ വ്യാപാരി സമർപ്പിക്കുന്ന രേഖകളിലെ വിവരങ്ങൾ ശേഖരിക്കാനും ഇതിനെ ചരക്കു വാങ്ങുന്ന വ്യാപാരിയുടെ വിവരങ്ങളുമായി ബന്ധിപ്പിക്കാനും, വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്കുനീക്കം സംബന്ധിച്ച കാര്യങ്ങൾ പരസ്പരം പരിശോധിക്കുവാനും കഴിയുന്ന തരത്തിൽ കാര്യക്ഷമമായുള്ള സംയോജിത ചെക്ക് പോസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ സംസ്ഥാന ത്തിലേക്ക് കടന്നുവരികയും പോകുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാര പഥം TIN/PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ |

....3

| | | | |
|---|---|---|---|
| | | | സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ സംയോജിതമായി ചെക്ക് പോസ്റ്റിൽ വാഹന പരിശോധന നടത്തുന്നതിനുള്ള സംവിധാനം അമരവിള ചെക്ക്പോസ്റ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br>വ്യാപാര വ്യവസായ വാണിജ്യ മേഖലയിൽ കാലാകാലങ്ങളിൽ ഉയർന്നുവരുന്ന നികുതി സംബന്ധമായ പ്രശ്നങ്ങളും നികുതി ദായകരുടെ പരാതികളും പരിഹരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ നികുതിവകുപ്പിന് കീഴിൽ 'വ്യാപാര വ്യവസായ വാണിജ്യ പ്രശ്നപരിഹാര ബ്യൂറോ' രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കയറ്റുമതി/ഇറക്കുമതി സുഗമ മാക്കുന്നതിന് കേന്ദ്ര സംസ്ഥാന നടപടിക്രമങ്ങൾ സംയോജിപ്പിക്കുന്നതിനു വേണ്ടി സെൻട്രൽ, എക്സൈസ്, കസ്റ്റംസ് അധികാരികളുടെ കീഴിലുള്ള കയറ്റുമതി കേന്ദ്രങ്ങളിൽ വാണിജ്യനികുതി ഉദ്യോഗസ്ഥരെ വിന്യസിക്കാനും വ്യാപാരികൾക്ക് തങ്ങളുടെ ചരക്കുനീക്കം സംബന്ധമായ വിവരങ്ങൾ സമർപ്പിക്കാനായി എല്ലാ വിമാനത്താവളങ്ങളിലും വാണിജ്യ നികുതി വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ആഡംബര നികുതി, കാർഷികാദായനികുതി, മണിലെൻഡിംഗ് എന്നീ നിയമങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾക്കും ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ